
# ബൈബിൾ ട്രൂത്ത്



# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth two hundred rupees for rupees twentyfive only. Good for preachers, teachers and students of the Bible

Also available are 20 books in Hindi just for rupees fiteen only.

All books are mailed free of charge. Your M. O. should be addressed to.

Editor
**THE BIBLE TEACHER**
C-22 N. D. S. E. 2
New Delhi-110049

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE    J. C. CHOATE

*** *** ***

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol 7    July 1992    No. 4

## എഡിറ്റോറിയൽ

സാമൂഹികവും സാംസ്കാരികവുമായ ജീവിത രീതി പുരാതനവും ആധുനികവും തമ്മിൽ ഇട കലർന്നാണ് പോകുന്നതു. ഏതൊരു രാജ്യത്തിലും അനാചാരത്തെ താലോലിക്കുന്നവരും എതിർക്കുന്നവരും ഉണ്ട്; അതേ സമയം അതിനെ ന്യായീകരിക്കുന്നവരും ഉണ്ട്. ദൈവികമായ ഉപദേശത്തെ മറച്ചു പിടിച്ച് അതിനു പകരം ചെയ്യുന്ന ഒരു പ്രവൃത്തിയെയാണ് ആചാര വിരുദ്ധമെന്നു അർത്ഥമാക്കുന്നതു. നമ്മുടെ പ്രബുദ്ധ കേരളത്തിലേയും സ്ഥിതി മറിച്ചെന്നു കരുതരുതു. ചിലർ നിസാരമെന്നു വിചാരിച്ചു തള്ളിക്കളയുന്ന പ്രവൃത്തി ദൈവസന്നിധിയിൽ സാരമാണ്. ആത്മാവിനെ ബാധിക്കുന്ന ജീവിതരീതി അതു നല്കിയ ദൈവത്തിന്റെ ഹിതത്തിനു അനുസരണമായിരിക്കണം. വരുവാനുള്ള മറ്റൊരു ജീവിതത്തെ യാഥാർത്ഥ്യബോധത്തോടെ കണ്ടെത്താൻ കഴിയുന്നവർക്കേ തെററു തിരുത്തുവാൻ കഴിയു. ദൈവം എല്ലാവരിൽ നിന്നും പ്രതീക്ഷിക്കുന്നതും അതാണ്.

പികെ വർഗീസ്

# ഇതു നിയമ പരമോ ?

J. C. ചോട്ട്

ഏതാനും വർഷങ്ങൾക്കു മുൻപ് പരസ്യമായി സംസാരിക്കുവാൻ ലജ്ജിച്ചിരുന്ന കാര്യങ്ങൾ ഇപ്പോൾ സാധാരണ സംസാര വിഷയമായി കഴിഞ്ഞു. അവയിൽ ഒന്നാണ് വേർപിരിയൽ. പുതിയ നിയമങ്ങൾ ഇതിനെക്കുറിച്ച് ഉടലെടുത്തിട്ടുണ്ട്. വിവാഹബന്ധം വേർപെടുത്തുവാൻ പഴുതുകൾ പലതും കണ്ടെത്തി അതു സാദ്ധ്യമാക്കി തീർക്കുകയാണ് ചിലർ. ചില വിവാഹങ്ങൾ മണിക്കൂറുകളോളം അല്ലെങ്കിൽ ദിവസങ്ങളോളം മാത്രം നീണ്ടു നില്ക്കുന്നു. ഒരു ദമ്പതിമാർക്കു പരസ്പരം യോജിച്ചു പോകാൻ കഴിയാത്ത സാഹചര്യം വന്നാൽ അവരെ പിരിക്കുവാൻ സഹായഹസ്തവുമായി സാമൂഹ്യ സംഘടനകളും വിഭാഗങ്ങളും എത്തുന്നു. അവരുടേതായ നീക്കു പോക്കുകൾ ദമ്പതികളെ സഹായിക്കുന്നതിനായി ഉപയോഗിക്കുകയാണ്. വസ്ത്രം മാററുന്നതു പോലെ ജീവിത പങ്കാളികളെ മാററുവാൻ തുനിയുന്നവർ ധാരാളമുണ്ട്. കോടതി വളപ്പിൽ കയറിച്ചെന്നാൽ അവിടെയും ഇണപിരിയുവാൻ വെമ്പുന്ന ഭാര്യാഭർത്താക്കൻമാരെ കാണാം. ദൈവം ഇതിനെ ഏതു വിധത്തിൽ കാണുന്നു ? ബൈബിൾ ഈ വിഷയത്തെക്കുറിച്ച് എന്തു പഠിപ്പിക്കുന്നു?

മനുഷ്യനെ സൃഷ്ടിച്ചതു ദൈവമാണ്. മനുഷ്യനു ഏററവും നല്ലതു ഏതെന്നു അവനു അറിയാം. ആദ്യമനുഷ്യനായിരുന്ന ആദാമിനെ സൃഷ്ടിച്ചശേഷം അവനു തക്കതായ ഒരു തുണയെ കണ്ടെത്താതിരുന്നതിനാൽ അവന്നു ഗാഢനിദ്ര വരുത്തി അവൻെറ വാരിയെല്ലിൽ നിന്നും ഒന്നെടുത്തു അതിൽ മാംസം വെച്ചു പിടിപ്പിച്ചു. ദൈവം ഊരിയെടുത്ത എല്ലിൽ നിന്നും രൂപപ്പെടുത്തിയ സ്ത്രീയെ ആദാമിൻെറ അടുക്കൽ കൊണ്ടുവന്നു. "ഇതാ ഇവൾ ഇപ്പോൾ എൻെറ

അസ്ഥിയിൽ നിന്നു അസ്ഥിയും മാംസത്തിൽ നിന്നു മാംസവും ആകുന്നു. നരനിൽ നിന്നു എടുത്തിരിക്കയാൽ അവൾക്കു നാരി എന്നു പേരാകും'' എന്നു ആദാം പറഞ്ഞു. ബൈബിൾ പറയുന്നതു, "ആകയാൽ മനുഷ്യൻ തന്റെ അപ്പനേയും അമ്മയേയും വിട്ടുപിരിഞ്ഞു ഭാര്യയോടു പററിച്ചേരും. അവർഇരുവരും ഒരു ദേഹമായി തീരും'' എന്നാണ് (ഉല്പത്തി 2:20-24).

ഒരു പുരുഷനു ഒരു ഭാര്യ എന്ന സംവിധാനമാണ് ദൈവം രൂപപ്പെടുത്തിയിരിക്കുന്നത്. അവർപരസ്പരംഇണയായിഒന്നിച്ചു ജീവിക്കുവാനാണ് ദൈവം അങ്ങനെ ചെയ്തതു. അതിന്റെ അർത്ഥം അവർ മാതാപിതാക്കളുമായുള്ള ബന്ധം വിച്ഛേദിക്കണമെന്നോ അവരെ മറക്കണമെന്നോ അല്ല. അതായത് ഭാര്യാഭർത്തൃ സ്നേഹബന്ധത്തെ മാതാപിതാക്കളുമായുള്ള ബന്ധത്തിനു പോലും ഉലയ്ക്കാൻ കഴിയരുത് എന്നർത്ഥം. ഉദാഹരണമായി യേശുക്രിസ്തുവിന്റെ ഉപദേശം ശ്രദ്ധിക്കുക. "എന്നെക്കാൾ അധികം അപ്പനേയോ അമ്മയെയോ പ്രിയപ്പെടുന്നവൻ എനിക്കുയോഗ്യനല്ല; എന്നെക്കാൾ അധികം മകനേയോ മകളേയോ പ്രിയപ്പെടുന്നവൻ എനിക്കുയോഗ്യനല്ല'' (മത്തായി 10:37). അപ്പനെയോ അമ്മയെയോ, മകനെയോ, മകളെയോ സ്നേഹിക്കരുത് എന്ന് ക്രിസ്തു ഇവിടെ പറയുന്നില്ല. പിന്നെയോ ക്രിസ്തുവിനോടുള്ള സ്നേഹം അതിനേക്കാൾ കവിഞ്ഞിരിക്കണം എന്നാണു കർത്താവ് പറഞ്ഞത്. ഇത്തരം സ്നേഹം ഭാര്യയ്ക്കും ഭർത്താവിനും ഇടയിൽ ഉണ്ടെങ്കിൽ ഒരു ശക്തിക്കും ഒരു വ്യക്തിക്കും അവരെ ഭിന്നിപ്പിക്കുവാൻ കഴിയുന്നതല്ല.

പഴയനിയമകാലത്തുപോലും വിവാഹമോചനം ദൈവം വെറുക്കുന്ന പ്രവർത്തിയായിരുന്നു (മലാഖി 2:16). പരീശന്മാർ അവന്റെ അടുക്കൽ വന്നു; ഏതു കാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കുന്നത് വിഹിതമോ എന്നു ക്രിസ്തുവിനെ പരീക്ഷിച്ചു ചോദിച്ചു. അതിനു മറുപടിയായി ക്രിസ്തു പറഞ്ഞത് : "സൃഷ്ടിച്ചവൻ ആദിയിൽ അവരെ

ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും അതു നിമിത്തം മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പററി ച്ചേരും; ഇരുവരും ഒരു ദേഹമായി തീരും എന്നു അരുളിച്ചെ യ്തു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ? അതുകൊണ്ട് അവർ മേലാൽ രണ്ടല്ല ഒരു ദേഹമത്രെ; ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് എന്നു ഉത്തരം പറഞ്ഞു.

അവർ അവനോടു: എന്നാൽ ഉപേക്ഷണ പത്രം കൊടു ത്തിട്ടു അവളെ ഉപേക്ഷിപ്പാൻ മോശ കല്പിച്ചതു എന്തു എന്നു ചോദിച്ചു. അവൻ അവരോടു: നിങ്ങളുടെ ഹൃദയ കാഠിന്യം നിമിത്തമത്രേ ഭാര്യമാരെ ഉപേക്ഷിപ്പാൻ മോശെ അനുവദിച്ച ത്; ആദിയിൽ അങ്ങനെ അല്ലായിരുന്നു. ഞാനോ നിങ്ങളോടു പറയുന്നത്: പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷി ച്ചു മറെറാരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിക്കുന്നവ നും വ്യഭിചാരം ചെയ്യുന്നു. ശിഷ്യന്മാർ അവനോടു: സ്ത്രീ യെ സംബന്ധിച്ച് മനുഷ്യന്റെ അവസ്ഥ ഇങ്ങനെയെങ്കിൽ വിവാഹം കഴിക്കുന്നത് നന്നല്ല എന്നു പറഞ്ഞു. അവൻ അവരോടു: വരം ലഭിച്ചവർ അല്ലാതെ എല്ലാവരും ഈ വച നം ഗ്രഹിക്കുന്നില്ല. അമ്മയുടെ ഗർഭത്തിൽ നിന്നു ഷണ്ഡ ന്മാരായി ജനിച്ചവർ ഉണ്ട്. സ്വർഗ്ഗരാജ്യം നിമിത്തം തങ്ങളെ തന്നേ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരും ഉണ്ട്; ഗ്രഹി പ്പാൻ കഴിയുന്നവൻ ഗ്രഹിക്കട്ടെ എന്നു പറഞ്ഞു. (മത്തായി 19:3-12).

അതുകൊണ്ടു എന്താണു നാം പഠിക്കുന്നത് ? വിവാഹ മോചനത്തിനു സൃഷ്ടിതാവായ ദൈവത്തിന്റെ അനുവദ നീയമായ ഏക കാരണം, ഏതെങ്കിലും ഒരു പങ്കാളി അവിശ്വ സ്ഥത പുലർത്തുക അഥവാ അന്യവ്യക്തിയുമായി ലൈം ഗിക ബന്ധം പുലർത്തുക എന്നതാണ്. അത്തരം സന്ദർഭ ത്തിൽ കുററക്കാരൻ വിശ്വസ്ഥയായ പങ്കാളിയിൽ നിന്നും വേർ പിരിയുകയാണ്. എന്നാൽ ഇതു അത്യന്താപേക്ഷിത

മെന്നോ ഒഴിച്ചുകൂടാൻ പററാത്തതെന്നോ വിചാരിച്ചുപോകരുതു. സാദ്ധ്യമെങ്കിൽ കുററക്കാരനു മാനസാന്തരപ്പെട്ടു ദൈവത്തിൽ നിന്നും പങ്കാളിയിൽ നിന്നും ക്ഷമാപണം ആവശ്യപ്പെടാം. പക്ഷെ അതു അസാദ്ധ്യമെങ്കിൽ വിശ്വസ്ഥ പങ്കാളിക്കു തെററുചെയ്തുകഴിഞ്ഞ വ്യക്തിയെ ഉപേക്ഷിക്കാം. വിവാഹമോചനത്തിനു വചന പ്രകാരമുള്ള കാരണം ഇതു മാത്രമാണ്. സ്ത്രീയായാലും പുരുഷനായാലും ഇതിനപ്പുറമായി പങ്കാളിയെ ഉപേക്ഷിക്കുന്നതു ഏതു കാരണത്താലായാലും ശരി അതു തെററാണ്. അങ്ങനെ വേർ പിരിഞ്ഞിരിക്കുന്ന ഒരാളെ വിവാഹം കഴിക്കുന്നതു വ്യഭിചാരമാണെന്നു ദൈവം വെളിപ്പെടുത്തിയിരിക്കുന്നു

കോടതിയിൽ നിന്നും നിയമപരമായി വേർ പെടുത്തൽ സർട്ടിഫിക്കററ് കിട്ടി എന്നതു ദൈവമുൻപാകെ അംഗീകരിക്കത്തക്ക തെളിവല്ല. ന്യായവിധി നാളിൽ ചെറുതും വലുതുമായ എല്ലാവരും ദൈവത്തിൻെറ ന്യായ വിസ്താരത്തെ അഭിമുഖീകരിക്കേണ്ടി വരും (മത്തായി 25:31-46; പ്രവൃത്തി 17:30,31; 2കൊരി 5:10). ദൈവ നിയമമനുസരിച്ച് അന്നാളിൽ എല്ലാവരേയും ദൈവം വിധിക്കും. റോമർ 7:2-3 വാക്യങ്ങൾ പ്രകാരം വിവാഹം ജീവിതത്തിനായി നല്കപ്പെട്ടിരിക്കുന്നു. വൈവാഹിക ഉടമ്പടി ഏതെങ്കിലും ഒരു പങ്കാളിയുടെ മരണം വരെ തുടരേണ്ട ജീവിതമാണ് അതു എന്ന് ഇവർ മനസിലാക്കിയിരിക്കണം. അവർക്കിടയിൽ നേരിട്ടേക്കാവുന്ന പ്രശ്നങ്ങൾ എന്തു തന്നെയായാലും അവയെ സഹിഷ്ണുതയോടെ തരണം ചെയ്യുവാൻ പര്യാപ്തമായ മാതൃക അവർ പിൻ പററണം. ഏതൊരു ദമ്പതികളുടേയും വൈവാഹിക ജീവിതത്തിൽ ഏറിയ പങ്കും സ്വാർത്ഥത കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളാണ്. അവർ ദൈവത്തിൻെറ പ്രമാണം കേട്ടുഗ്രഹിക്കയും അതു പ്രമാണിക്കയും ചെയ്താൽ സ്വാർത്ഥത അവരിൽ നിന്നും വിട്ടു മാറും.

***

# വായനക്കാരുടെ കത്ത്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ആദിമ ക്രിസ്ത്യാനികൾ ഭൂഗർഭാലയങ്ങളിൽ ക്രിസ്തുവിന്റേയും രക്തസാക്ഷികളുടേയും മററും പടങ്ങൾ വരച്ചുവച്ചിട്ടുള്ളതായി കാണുന്നു. അവരിൽ ആയിരങ്ങൾ രാജാക്കന്മാരെയും വിഗ്രഹങ്ങളെയും ആരാധിക്കാൻ വിസമ്മതിച്ചതിനാലാണ് വധിക്കപ്പെട്ടതെന്നു സ്മരിക്കുക. വിഗ്രഹാരാധനയെ നിശിതമായി എതിർത്ത അവർ എന്തുകൊണ്ട് ഭൂഗർഭാലയങ്ങളിൽ ക്രിസ്തുവിന്റേയും രക്തസാക്ഷികളുടേയും വിശുദ്ധരുടേയും മററും പടങ്ങൾ വരച്ചുവച്ചു?

പ്രേക്ഷകരുടെ മനസ്സിൽ അവരെപ്പററിയുള്ള ബഹുമാനം വർദ്ധിപ്പിക്കുന്നതിനും അവരെ അനുകരിക്കുന്നതിനുമുള്ള ആവേശം മററുള്ളവരിൽ സൃഷ്ടിക്കുവാനും ഇവ ഉപകരിക്കുമായിരുന്നു.

പരാക്രമശാലികളുടേയും ധീരനേതാക്കളുടേയും പ്രതിമകൾ പൊതുസ്ഥലങ്ങളിൽ പ്രതിഷ്ഠിക്കാറുണ്ട്. അവയിൽ മാലകൾ അർപ്പിക്കുന്നതും ബഹുമാനങ്ങൾ പ്രകടിപ്പിക്കുന്നതും ആ വ്യക്തിയെ മാതൃകയായി കണക്കാക്കുന്നതല്ലാതെ ദൈവമായി ആരാധിക്കുന്നതായി സുബുദ്ധിയുള്ളവർ പരിഗണിക്കുകയില്ല. അതുപോലെ തന്നെ നമ്മുടെ മാതാപിതാക്കളുടേയോ സ്നേഹിതരുടേയോ ഫോട്ടോകളും പ്രതിമകളും വീട്ടിൽ വയ്ക്കുന്നത് വിഗ്രഹാരാധനയല്ല; മറിച്ച് ആദരസൂചകം മാത്രം.

**ബഹുമാനാർപ്പണവും ആരാധനയും ഒന്നല്ല** സഹോദരാ.

പള്ളികളിലും വീടുകളിലും ക്രിസ്തുനാഥന്റെയോ വിശുദ്ധരുടേയോ പ്രതിമകളോ ചിത്രങ്ങളോ വയ്ക്കുന്നതും അവയ്ക്കു ബഹുമാനങ്ങൾ അർപ്പിക്കുന്നതും ഒരിക്കലും വിഗ്രഹാരാധനയല്ല; അവയുടെ മുൻപിൽ കാണിക്കുന്ന ഭക്തി പ്രകടനങ്ങൾ അവ പ്രതിനിധാനം ചെയ്യുന്നവരോടു കാണിക്കുന്ന ബഹുമാനം മാത്രമാണ്.

ഇന്ത്യൻ പതാകയുടെ മുൻപിൽ കാണിക്കുന്ന ബഹുമാനം വെറുമൊരു തുണിക്കഷണത്തോടു കാണിക്കുന്നതല്ല; ഇന്ത്യൻ ജനതയോടു കാണിക്കുന്ന ബഹുമാനമാണത്. കുരിശിനോടു കാണിക്കുന്ന ബഹുമാനം വെറുമൊരു മരക്കഷണത്തോടല്ല കുരിശിലൂടെ നമുക്കു രക്ഷ നേടിത്തന്ന ക്രിസ്തുനാഥനോടു കാണിക്കുന്ന ബഹുമാനമാണ്. മഹാത്മാഗാന്ധിയുടെ പ്രതിമയോടു കാണിക്കുന്ന ബഹുമാനം വെറുമൊരു സിമന്റു വിഗ്രഹത്തോടല്ല; ഗാന്ധിജിയോടുള്ള ബഹുമാനമാണത്. ബഹുമാന്യരേയും എല്ലാവരേയും, വിശുദ്ധരേയും ബഹുമാനിക്കാം. എന്നാൽ ദൈവത്തിനു മാത്രമെ ആരാധന അർപ്പിക്കുവാൻ പാടുള്ളു. സഭയിലെ ഏറ്റവും വലിയ ആരാധനയായ ദിവ്യബലി (കുർബ്ബാന) പുത്രനിലൂടെ പിതാവിനർപ്പിക്കുന്ന ആരാധനയാണ്. അല്ലാതെ അതു യാതൊരു വിശുദ്ധനുമല്ല ദൈവജനം സമർപ്പിക്കുന്നത്. മാത്രമല്ല കുർബ്ബാനയ്ക്ക് യാതൊരു പ്രതിമയും ആവശ്യവുമില്ല. ഇതിൽ നിന്നും വിഗ്രഹാരാധനയും പ്രതിമാവന്ദനവും ഒന്നല്ല എന്നു മനസ്സിലാക്കുമെന്നു വിശ്വസിക്കുന്നു.

അവസാനമായി ഫ്രാൻസീസ് സഹോദരനോടൊരുവാക്ക്, "നമ്മെപ്പോലെ അവരും ഒന്നായിരിക്കുവാൻ" പ്രാർത്ഥിച്ച യേശു ഇപ്പോൾ ദു:ഖിക്കുന്നുണ്ടാവില്ലേ സഹോദരാ ഈ സ്ഥിതി കണ്ടിട്ടു? എന്തിനു വ്യത്യസ്ത സഭാവിഭാഗങ്ങൾ തമ്മിൽ ശണ്ഠകൂടുന്നു. ഏകദേശം ഒരു വർഷം മുമ്പ് ഒരു വൈദീകൻ തന്റെ അനുഭവം വിവരിച്ചത് നാം ഓർമ്മിക്കുന്നു. അദ്ദേഹം ഒരിക്കൽ ജപ്പാൻ സന്ദർശിച്ചപ്പോൾ

അവിടെയുണ്ടായിരുന്ന ബുദ്ധമത വിശ്വാസികൾ പറഞ്ഞതാണു പോലും: "നിങ്ങൾ ക്രിസ്ത്യാനികളെ ഞങ്ങൾ എങ്ങനെ വിശ്വസിക്കും? ആയിരക്കണക്കിനല്ലേ 'സത്യസഭകളുള്ളത്' എല്ലാവരും തങ്ങളുടേതാണ് സത്യമെന്നു വാദിക്കുന്നു. ആദ്യം നിങ്ങൾ ഐക്യപ്പെടു. അതിനുശേഷം സ്നേഹത്തിന്റെ സന്ദേശം ഞങ്ങളോടു പ്രസംഗിക്കൂ". എത്രയോ ചിന്തോദ്ദീപകം! കത്തോലിക്കാ ദേവാലയത്തിലെ തിരുക്കർമ്മത്തിന്റെ സമയത്ത് താഴെ പെന്തക്കോസ്തുകാരൻ കൊട്ടും മേളവുമായി ഉജ്ജ്വലപ്രസംഗം. ആൾക്കാർ അങ്ങോട്ടും ഇങ്ങോട്ടും ഓടി 'നട്ടം തിരിയുന്നു'. ഉടൻ ഒരു യഹോവാസാക്ഷിയിതാ മറ്റുള്ളതൊക്കെ തെറ്റ് എന്നു പറഞ്ഞ് ബൈബിൾ ഉയർത്തുന്നു. എന്തൊരു അവഹേളനം! അവസാന നാളിൽ യേശുനാഥൻ തന്റെ സകലപ്രതാപത്തോടും കൂടി വരുമ്പോൾ ഇതല്ല ചോദിക്കുക മറിച്ച് ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സംരക്ഷിച്ചോ? ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചുവോ, ഞാൻ കാരാഗ്രഹത്തിലായിരുന്നു നിങ്ങൾ എന്നെ സന്ദർശിച്ചുവോ, എന്നിങ്ങനെ. അതിനാൽ ഒട്ടിയവയറും ഉന്തിയ എല്ലുമായി നില്ക്കുന്ന, എന്റെയും നിങ്ങളുടേയും, സഹോദരങ്ങൾക്ക് ആദ്യം ഭക്ഷണം നല്കൂ, വസ്ത്രം നല്കൂ. അതിനു ശേഷം വചനം. കാരണം "പ്രവൃത്തികൂടാതെയുള്ള വിശ്വാസം നിർജ്ജീവമാണെന്നത്രെ" ബൈബിൾ പറയുന്നത്. വചനം പ്രസംഗിച്ചതുകൊണ്ടായില്ല. മറിച്ച് അത് പ്രവൃത്തിപഥത്തിലായെങ്കിൽ മാത്രമെ സുവിശേഷം സുവിശേഷമാവൂ. അല്ലെങ്കിൽ അത് വെറുമൊരു 'വിശേഷം' മാത്രമായിരിക്കും. അതിനാൽ പരസ്പരം കടിച്ചുകീറാതെയും തരംതാഴ്ത്താതെയും സ്നേഹിച്ചു മുന്നേറാൻ നാം പഠിക്കേണ്ടിയിരിക്കുന്നു. (മറുപടികൂടെ വായിക്കുക).

# കത്തുകൾക്കുള്ള മറുപടി.

J. ഫ്രാൻസിസ്

എൻെറ എളിയ ലേഖനം വായിച്ചതിനും അതിനെ വിമർശിച്ചുകൊണ്ടു ലേഖനം എഴുതിയതിനും ആദ്യമായി ഞാൻ താങ്കൾക്കു നന്ദി പറയുന്നു.

താങ്കളുടെ ലേഖനത്തിലെ രണ്ടാം ഖണ്ഡികയിൽ പുറ 20:3-5 വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടു താങ്കൾ തന്നെ പറയുന്ന വിഗ്രഹങ്ങൾ നിർമ്മിക്കുന്നതിനെ പോലും ദൈവം തടഞ്ഞിരുന്നു. പിന്നെ ലേവ്യർ 26:1 ൽ ആരാധനക്കു വേണ്ടി വിഗ്രഹങ്ങൾ ഉണ്ടാക്കരുതു. അതുകൊണ്ടു ആരാധനയ്ക്കല്ലാതെ വിഗ്രഹങ്ങൾ ഉണ്ടാക്കുന്നത് തെററല്ല. ലേഖനത്തിലെ മൂന്നാം ഖണ്ഡികയിൽ പറയുന്ന വിഗ്രഹങ്ങൾനിർമ്മിക്കുന്നതിനെ ഞാൻ എതിർത്തിരിക്കുന്നു.

ഇതെല്ലാം ശരിയാണ്. വാചകങ്ങളുടെ അർത്ഥത്തിൽ പറഞ്ഞാൽ പുറപ്പാടിലും ലേവ്യരിലും പറഞ്ഞിരിക്കുന്ന ആശയങ്ങൾ പരസ്പര വിരുദ്ധമെന്നു തോന്നാം. എന്നാൽ ആശയങ്ങളുടെ അന്തരാർത്ഥത്തിൽ അവരണ്ടും ഒന്നു തന്നെയാണ്. വിഗ്രഹങ്ങൾ നിർമ്മിക്കാതിരിക്കുന്നതാണു നല്ലത്. കാരണം വിഗ്രഹങ്ങൾ നിർമ്മിക്കുന്നതുകൊണ്ടല്ലേ ദുർബ്ബലനായ മനുഷ്യൻ വിഗ്രഹാരാധനക്കു മുതിരുന്നത്. ഏദൻ തോട്ടത്തിൽ മനുഷ്യൻ ദൈവത്തെ ധിക്കരിച്ചപ്പോൾ പാമ്പു ദൈവത്തെ ധിക്കരിച്ചില്ലായിരുന്നു, എന്നാൽ ദൈവം പാമ്പിനെയും ശിക്ഷിച്ചു. സഹോദരൻെറ അഭിപ്രായത്തിൽ അതു തെററായിരിക്കാം. ബൈബിളിൻെറ അടിസ്ഥാനത്തിൽ അതു ശരിയാണ് കാരണം മനുഷ്യൻ തെററു ചെയ്യുവാൻ പാമ്പു അവരെ പ്രേരിപ്പിച്ചു. വിഗ്രഹനിർമ്മാതാക്കളും, വിഗ്രഹങ്ങളെ ആശീർവദിക്കുന്നവരും വിഗ്രഹാരാധനക്കായി പാമ്പിനെപ്പോലെ പ്രേരണ നൽകുകയല്ലേ ചെയ്യുന്നത്?

നാലാമത്തെ ഖണ്ഡിക്കയിൽ പറഞ്ഞിരിക്കുന്ന പ്രകാരം സംഖ്യാ 21:8,9 പിച്ചള സർപ്പത്തെ ഉണ്ടാക്കുവാനും അതിനെ നോക്കുവാനും മാത്രമേ ദൈവം കല്പിച്ചുള്ളു. അതുകൊണ്ടു അതിനെ ആരാധിക്കണമെന്നുണ്ടോ ? ദൈവം പറയുന്നതിൽ നിന്നും കൂടിയോ കുറഞ്ഞോ പ്രവർത്തിക്കുവാൻ നമുക്കു അധികാരമില്ല. അപ്രകാരം പ്രവർത്തിച്ചവരെയെല്ലാം ദൈവം ശിക്ഷിച്ചതായി പഴയ നിയമത്തിൽ സഹോദരൻ വായിച്ചിട്ടില്ലേ ? പുറ 25:18,31-36,37:7 1ദിനവൃത്താന്തം 28:18; 1 രാജാ 10:19,20 എന്നീവാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടു പ്രതിമകൾ ആരാധിക്കുവാൻ വേണ്ടി ഉണ്ടാക്കരുതെന്നും മററു ലക്ഷ്യങ്ങൾക്കായി ഉണ്ടാക്കാമെന്നും വ്യക്തമാണെന്നു താങ്കൾ പറയുന്നു. അതിനെ ഞാൻ എതിർക്കുന്നില്ല. എന്നാൽ മനുഷ്യനെ തെററിക്കാതിരുന്നാൽ മാത്രം മതി. സഹോദരന്റെ ഈ വാദം ഒരു പള്ളിയിൽ നടന്നു വെന്നു പറയപ്പെടുന്ന ഒരു സംഭവം എന്നെ ഓർമ്മിപ്പിക്കുന്നു.

ഒരു വയസ്സായ സ്ത്രീ പള്ളിയുടെ അകത്തു കടന്നു പ്രാർത്ഥിച്ചു. പ്രാർത്ഥന കഴിഞ്ഞു ഗീവർഗ്ഗീസിന്റെ രൂപം തൊട്ടുമുത്തി അതോടൊപ്പം രൂപത്തിന്റെ താഴെ കാണിച്ചിരുന്ന പാമ്പിന്റെ രൂപത്തെയും തൊട്ടുമുത്തി. ഇതുകണ്ട കപ്യാര് സ്ത്രീയെ വിളിച്ചു രണ്ടിനെയും തൊട്ടു മുത്തിയതു എന്തിനാണെന്നു ചോദിച്ചു. സ്ത്രീ പറഞ്ഞ മറുപടി വിചിത്രമായിരുന്നു. ഞാൻ മരിച്ചു സ്വർഗ്ഗത്തിൽ പോയാൽ പുണ്യവാളൻ എന്നെ രക്ഷിക്കണം. അല്ല നരകത്തിലാണു ഞാൻ പോകുന്നതെങ്കിൽ പാമ്പു എന്നെ രക്ഷിക്കണം. ആ പ്രതിമ കണ്ടതുകൊണ്ടല്ലേ ആ സ്ത്രീക്കു ഇപ്രകാരം ഒരു ആശയം ഉണ്ടായത്. ?

അഞ്ചാമത്തെ ഖണ്ഡികയിൽ സഹോദരൻ പറയുന്നു 19 വർഷത്തിനുള്ളിൽ യാതൊരു പള്ളികളിലും ഏതെങ്കിലും പ്രതിമയോ അതു പ്രതിനിധാനം ചെയ്യുന്ന വ്യക്തിയോ ദൈവമാണെന്നു ആരും പഠിപ്പിച്ചതായി കേട്ടിട്ടില്ലായെന്നു. മേൽ വിലാസത്തിൽ നിന്നും സഹോദരൻ ഒരു

കത്തോലിക്കനാണെന്നു ഞാൻ മനസ്സിലാക്കുന്നു. സഹോദരൻ താമസിക്കുന്ന ആശ്രമത്തിൽ വച്ചിരിക്കുന്ന പ്രതിമകൾ ആരെയാണ് പ്രതിനിധാനം ചെയ്യുന്നത് ? അതിൻെറ മുമ്പിൽ മുട്ടുകുത്തി നിന്നു പ്രാർത്ഥിക്കുന്നതും മെഴുകുതിരികൾ കത്തിച്ചു വക്കുന്നതും ഒരു ഇരുമ്പുപെട്ടിക്കകത്തുകുറെ ഓസ്തികൾ (ഗോതമ്പപ്പം) വച്ചു അതിനടുത്തു സദാനേരവും വിളക്കു കത്തിച്ചുവക്കുന്നതും വെറുതെ ആളുകളെ പററിക്കാനാണോ ? അതൊ അന്ധവിശ്വാസം നിങ്ങൾക്കു ഉള്ളതുകൊണ്ടാണോ ?

താങ്കൾ ആറാമത്തെ ഖണ്ഢികയിൽ പറഞ്ഞിരിക്കുന്നതു പോലെ ബൈബിൾ മുഴുവനായി പഠിച്ചുവേണം ബൈബിൾ വ്യാഖ്യാനം നടത്തുവാൻ. എന്നാൽ നിങ്ങൾ ഉൾപ്പെടുന്ന സഭാ വിഭാഗങ്ങൾ എല്ലാം ബൈബിൾ വ്യാഖ്യാനം സ്വന്ത താല്പര്യങ്ങൾ സംരക്ഷിക്കാനായി തെററായി നടത്തുന്നു എന്നു പറയുന്നതു ശരിയാണ്. ബൈബിളിലെ വചനങ്ങൾ പോലും നിങ്ങൾ മറിച്ചു കളയുന്നു. നിങ്ങൾ ചൂണ്ടി കാണിച്ചിരിക്കുന്ന ബൈബിൾ വാക്യം തന്നെ ഇതിനു ഉദാഹരണമാണ്. 1 പത്രോ 1:20 എന്ന വാക്യം എടുത്തുകാണിച്ചു താങ്കൾ പറയുന്നു; ബൈബിൾ വ്യാഖ്യാനം നടത്തുവാനുള്ള അധികാരം സഭക്കു മാത്രമേ ഉള്ളരുവന്ന്. എന്നാൽ അതേ വാക്യം ബൈബിൾ പറയുന്നു "അവൻ ലോക സ്ഥാപനത്തിനുമുമ്പേ മുന്നറിയപ്പെട്ടവനും അവൻ മുഖാന്തിരം ദൈവത്തിൽ വിശ്വസിക്കുന്ന നിങ്ങൾ നിമിത്തം ഈ അന്ത്യകാലത്തു വെളിപ്പെട്ടവനും ആകുന്നു." ആളുകളെ തെററിദ്ധരിപ്പിക്കുവാൻ നിങ്ങൾ ഉപയോഗിച്ചിരിക്കുന്ന അടവല്ലേ ഇത് ? സഭാവിഭാഗങ്ങൾ ഉടലെടുത്തത് നിങ്ങൾ പറഞ്ഞ പ്രകാരമാണ്. ക്രിസ്തു സ്ഥാപിച്ച സഭയിൽ പ്രാധാന്യം ദൈവവചനങ്ങൾക്കു മാത്രമാണ്. സഭയുടെ തലവൻ ക്രിസ്തു അല്ലാതെ വേറെആരും ഒരിക്കലും ആവുകയില്ല. ഒരാൾ ദൈവശാസ്ത്രം പഠിച്ചതുകൊണ്ടോ, ളോഹ ധരിച്ചതുകൊണ്ടോ, ആശ്രമത്തിൽ താമസിച്ചതുകൊണ്ടോ, പത്രോസിൻെറ സിംഹാസനത്തിൽ ഇരിക്കുന്നുവെന്നു അവകാശപ്പെടുന്നതു

കൊണ്ടേർ അയാറം സഭയുടെ തലവൻ ആവുകയില്ല. അവരുടെ ആശയങ്ങരം ബൈബിളിൽ കൂട്ടിചേർക്കുവാൻ പാടുള്ളതോ അല്ല. അങ്ങനെ അവർ പ്രവർത്തിക്കുന്നുവെങ്കിൽ ക്രിസ്തുവിനെ മറിച്ചിട്ടുകൊണ്ട് മാനുഷിക പഠനങ്ങരം ബൈബിളിൽ കൂട്ടിചേർത്തു പ്രവർത്തിക്കുന്നവരാണ്. അവർ ശപിക്കപ്പെട്ടവരാണെന്നു ബൈബിരം തന്നെ വ്യക്തമാക്കുന്നു. അവനു ദൈവത്തിൽ ഒരംശവും ഉണ്ടായിരിക്കുകയില്ല (വെളി 22:18, 19). അപ്പോരം ഇവർ എതിർ ക്രിസ്തുവും അവൻെറ സഭയിൽ ഉരംപ്പെട്ടവരും ആകുന്നു.

ഏഴാമത്തെ ഖണ്ഡികയിൽ ദൈവ സത്യം നിങ്ങരം എന്നെപ്പോലെ വെളിപ്പെടുത്തിയിരിക്കുന്നു.

എട്ടാമത്തെ ഖണ്ഡികയിൽ നിങ്ങരം ബൈബിരം വിട്ടു സഭാ ചരിത്രത്തിലേക്കു ഓടുന്നു. ദൈവത്തെ ഉപേക്ഷിച്ചു സാത്താനെ പിൻ തുടരുന്നതുപോലെ. സഭാചരിത്രം സ്വ ഭാവനക്കൊത്തു കത്തോലിക്കാ പുരോഹിത വർഗ്ഗത്തിനുവേണ്ടി സൃഷ്ടിച്ചുണ്ടാക്കിയതാണെന്നു സത്യാന്വേഷിയായ ഏതൊരു മനുഷ്യനാണു അറിഞ്ഞു കൂടാത്തത്. വിഗ്രഹാരാധനയെ നിശിതമായി എതിർത്തു ആദിമ ക്രിസ്ത്യാനികരം ഭൂഗർഭാലയങ്ങളിൽ ക്രിസ്തുവിൻെറയും രക്തസാക്ഷികളുടെയും വിശുദ്ധരുടെയും മറ്റും പടങ്ങരം വരച്ചുവച്ചതായി ബൈബിളിൽ ഒരു വാചകം കാണിച്ചു തരുവാൻ നിങ്ങരംക്കു കഴിയുമോ ? അങ്ങനെ കാണിച്ചു തന്നാൽ നിങ്ങരം പറയുന്നതു ഞാൻ അനുസരിക്കാം.

എട്ടാമത്തെ ഖണ്ഡിക എന്തിനാണെന്നു ഒൻപതാമത്തെ ഖണ്ഡിക വ്യക്തമാക്കുന്നു. ഇതു താങ്കളുടെ തെററായ ആശയത്തെ ശരിയാണെന്നു സ്ഥാപിക്കുന്നതിനുള്ള ഒരു കുറുക്കുവഴിമാത്രമാണ്. കാരണം അനുകരിക്കുവാൻ ക്രിസ്തുവും അനുസരിക്കുവാൻ ദൈവ കല്പനകളും മനുഷ്യനു ഉള്ളപ്പോരം താങ്കളുടെ എട്ടും ഒൻപതും ഖണ്ഡികകരം പ്രസക്തമല്ല.

(ശേഷം അടുത്ത ലക്കത്തിൽ)

***

# ആത്മാവിൽ ദരിദ്രൻ

സി. ആർ. പീയൂസ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

തൊട്ടടുത്ത ശിഷ്യന്റെ മുമ്പിൽ യേശു വന്നതോടെ ഹൃദയ മിടിപ്പ് പടപടാന്നായി. പിടിച്ചിരുത്തിയെങ്ങാനും കഴുകിപ്പോയാലോ— ? ഹൃദയകദനം അത്രയ്ക്കായപ്പോൾ വേപഥുഗാത്രനായ പത്രോസ് സാവധാനം എഴുന്നേററു. ഒന്നുമറിയാത്തവനേപ്പോലെ നടന്നു ഏതാനും അടി ദൂരെ മാറി, അരികൊതുങ്ങി നിന്നു; അപരാധിയേപ്പോലെ ദൃഷ്ടി നിലത്തിട്ടുകൊണ്ട്.

മററുള്ളവർ ശീമോന്റെ പോക്കു നോക്കി മിഴിച്ചു ചിലർ മനസ്സിൽ പറഞ്ഞു: ഇയ്യാളെന്തു മനുഷ്യനാണ്. എഴുന്നേററു പോണകണ്ടില്ലേ ? ഇയ്യാളുടെ കാലുകൾ കഴുകണ്ടാരിക്കും.

അടുത്തതു പത്രോസാണ്. അയാൾ ദൂരെ മാറി നിൽക്കുന്നു. യേശു അയാളുടെ മുഖത്തേക്കു നോക്കി.

ഗുരുവും ശിഷ്യനും മുഖാമുഖം !

ഘനീഭവിച്ച നിശബ്ദത.

കടലും കടലാടിയും !

സൂര്യനും കൈത്തിരിയും.

"വന്നിരുന്നു പാദങ്ങൾ നീട്ടൂ" സുസ്മേര വദനനായ നാഥൻ തന്റെ ലളിത ഗംഭീര ലാവണ്യ ശബ്ദം നിറഞ്ഞു നിന്ന നിശ്ശബ്ദതയെ ഭഞ്ജിച്ചു.

ചൂടേററു വാട്ടം തട്ടിയ പുൽത്തുമ്പ് കണക്കെ പത്രോസിന്റെ മുഖം വിളറി മങ്ങി. ചുണ്ടുകൾ മുരണ്ടു : അങ്ങ്, എന്റെ പാദങ്ങൾ കഴുകാൻ ഞാൻ....ഒരു....നാളും പോന്നവനല്ല....

"ഞാൻ ചെയ്യുന്നത് നീ ഇപ്പോൾ അറിയുന്നില്ല; പിന്നെ അറിയും."

നാ....ഥാ...! അടിയനൊരേഴ.... അങ്ങിടന്നെന്നെ വിട്ടയച്ചാലും....

"ശീമോനേ !"........ നിദാന്ത ശാന്തനായ യേശു തുടർന്നു. "ശീമോനെ സാത്താൻ നിങ്ങളെ ഗോതമ്പുപോലെ പാറേണ്ടതിനു കല്പന ചോദിച്ചു. ഞാനോ നിന്റെ വിശ്വാസം പോയ്പോകാതിരിക്കാൻ നിനക്കു വേണ്ടി പ്രാർത്ഥിച്ചു. നീ വന്നിരുന്നു പാദങ്ങൾ നീട്ടു"

ത്രസിത ഹൃദയനായ പത്രോസിന്റെ മിഴികളിൽ നിറഞ്ഞ കണ്ണീരിന്റെ മറവിലൂടെ കർത്താവിനെ നോക്കിക്കൊണ്ടു ഗദ്ഗദത്തോടെ പറഞ്ഞു; "അങ്ങെ സന്നിധിയിൽ അടിയൻ ഹൃദയം തുറന്നു വെച്ചു കഴിഞ്ഞു....!

അജഗജപിടിവലിയുടെ അനർഘ നിമിഷങ്ങൾ..!

പത്രോസിന്റെ കരങ്ങളിലൊതുങ്ങിയ പന്ത് !........

"ഞാൻ നിന്റെ പാദങ്ങൾ കഴുകാഞ്ഞാൽ നിനക്ക് എന്നോടുകൂടി പങ്കില്ല !"

അതൊരു സിംഹഗർജ്ജനമായിരുന്നു. എട്ടുദിക്കു പൊട്ടുമാറതു മുഴങ്ങി. പത്രോസിനു സഹിക്കാനായില്ല..

"കർത്താവേ ! എന്നാൽ എന്റെ പാദങ്ങൾ മാത്രമല്ല, എന്റെ കയ്യും തലയും കൂടെ കഴുകേണമേ !...." എന്നു പറഞ്ഞു കൊണ്ടു തന്റെ ഇരിപ്പിടത്തിൽ വന്നു വീഴുകയാണുണ്ടായത്.

"കുളിച്ചു നില്ക്കുന്നവനു കാൽ അല്ലാതെ കഴുകുവാൻ ആവശ്യമില്ല; അവൻ മുഴുവനും ശുദ്ധിയുള്ളവൻ"

★

Where you are going ?

# എവിടേക്കാ ?

നാം സാധാരണ പരിചയക്കാരെ കാണുമ്പോൾ കുശലം ചോദിക്കാറുണ്ട്. ആദ്യമായി ചോദിക്കാറുള്ള ചോദ്യമാണ് "എവിടെ പോകുന്നു" എന്നതു. അറിയാനുള്ള ജിജ്ഞാസ കൊണ്ടാകണമെന്നില്ല അപരന്റെ കാര്യങ്ങളിൽ നമുക്കു ശ്രദ്ധയുണ്ട് എന്നു വരുത്തിതീർത്തു അയാളെ സന്തോഷിപ്പിക്കുകയാണ്. നമ്മളെല്ലാം ഒരു യാത്രയിലാണ്. പല വിധത്തിലുള്ള സഞ്ചാരപാതയാണു തിരഞ്ഞെടുത്തിരിക്കുന്നതു. ചിലരുടെ യാത്ര പെട്ടെന്നു അവസാനിക്കുന്നു; മററുചിലരുടേതു നീണ്ടു പോകുന്നു. ലക്ഷ്യബോധത്തോടു കൂടെയാണോ എല്ലാവരും പോകുന്നതു ? ഭൗതികമായ യാത്രയും ആത്മിയമായ യാത്രയും തമ്മിൽ വ്യത്യാസമുണ്ട്. ഭൗതികയാത്രയുടെ ലക്ഷ്യം ഭൗതിക ജീവിതത്തോടെ അവസാനിക്കുന്നു. ആത്മിയ യാത്രയുടെ ലക്ഷ്യം പിന്നീട് കണ്ടെത്തുന്നു. മതപരമായി നിങ്ങൾ എവിടേക്കാണ് പോകുന്നത് ?

അല്പസമയം ഒന്നു ചിന്തിക്കു ! നിങ്ങളുടെ മതപരമായ യാത്ര ഒരു പക്ഷെ ഭൗതിക ജീവിതത്തിൽ സുഗമമായി തോന്നിയേക്കാം. അതുകൊണ്ടു നിങ്ങൾ അതിൽ തൃപ്തരായെന്നും വരാം. എന്നാൽ അത് എവിടെ ചെന്നു ചേരും എന്നു ഭയവായി ചിന്തിക്കുക. ജീവിതമാകുന്ന പരിശീലന പാഠശാലക്കു പുറത്തു കടക്കണമെങ്കിൽ വിദ്യ ശരിയായി അഭ്യസിക്കണം. ഒരു സ്ഥലത്തു നിന്നു മറെറാരു സ്ഥലത്തേക്കുള്ള യാത്രയാണ് നമ്മുടെ ജീവിതം. ഭൂമിയിൽ നിന്നു സ്വർഗ്ഗത്തിലേക്കുള്ള യാത്രയിലാണ് എല്ലാവരും. ചിലർ അനുഭവജ്ഞാനത്തിൽ, പാരമ്പര്യവിശ്വാസത്തിൽ; വേറൊരു കൂട്ടർ ഒഴുക്കിനെതിരെ; മറെറാരുവിഭാഗം ഭൂരിപക്ഷത്തിന്റെ കൂടെ അങ്ങനെ യാത്ര ചെയ്യുന്നു. എല്ലാവരുടേയും

ലക്ഷ്യം ഒന്നാണെങ്കിൽ യാത്ര ചെയ്യുന്ന വഴിയും ഒന്നായിരിക്കണ്ടേ ? തീർച്ചയായും അതെ, അല്ലെങ്കിൽ എത്തുന്ന സ്ഥാനം വ്യത്യസ്ഥമായിരിക്കും. 'ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല''. ക്രിസ്തുവാണ് പറഞ്ഞത്, കർത്താവേ, കർത്താവേ എന്നു വിളിക്കുന്ന എല്ലവനുമല്ല; സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതു'

നിങ്ങളുടെ ഹൃദയം കലങ്ങരുത്. ദൈവത്തിൽ വിശ്വസിപ്പിൻ. എന്റെ വചനം പ്രമാണിച്ച് ജീവിച്ചാൽ ഞാൻ പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും. ലോക രക്ഷിതാവായ ക്രിസ്തുവിന്റെ വാഗ്ദാനമാണ്. നിങ്ങൾ കർത്താവിന്റെ രക്ഷാപദ്ധതി അനുസരിച്ചു കൊണ്ട് കർത്താവിന്റെ സഭയിൽ അവനെ സത്യത്തിലും ആത്മാവിലും ആരാധിച്ച് മരണത്തോളം വിശ്വസ്ഥ ക്രിസ്തീയ ജീവിതം നയിച്ചാൽ നിങ്ങൾ സ്വർഗ്ഗത്തിൽ എത്തിച്ചേരും. ഇല്ലെങ്കിൽ നിങ്ങൾ മതപരമായി എവിടെ പോയാലും എന്തു ചെയ്താലും സ്വർഗ്ഗത്തിൽ എത്തുകയില്ല. ജീവനുള്ള ദൈവത്തെ വിട്ടു നിങ്ങൾക്ക് ജീവിക്കാൻ സാദ്ധ്യമല്ല.

പിശാചിന്റേയും കൂട്ടരുടേയും പുറകെ നിങ്ങൾ പോകരുത്. പാപം നിങ്ങളെ കീഴ്പ്പെടുത്തരുത്. ലോകത്തിന്റെ ആകർഷണം കണ്ട് ഭ്രമിക്കരുത്. ലോക സ്നേഹം ദൈവത്തിനു എതിരാണ്. ദൈവത്തിന്റെ വഴി തിരിച്ചറിഞ്ഞ് അതിൽ കൂടെ നടക്കൂ; താമസിക്കരുത്; നിങ്ങളുടെ യാത്ര എതു സമയവും നിന്നു പോകാം. നിങ്ങൾ അറിയാതെ തന്നെ അതു സംഭവിക്കാം. ഇനി നിങ്ങൾ എവിടേക്കാ പോകുന്നത് ?

***

# വീക്ഷാ ഗോപുരത്തിലെ യഹോവ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

"ആടുകൾ അവന്റെ ശബ്ദം കേൾക്കുന്നു.... യോഹന്നാൻ 10:34, 14)

## വീക്ഷാ ഗോപുരത്തിലെ യഹോവ

കണ്ടിട്ടില്ലാത്ത യഹോവയുടെ സാക്ഷികൾ എന്ന് സ്വയം പ്രഖ്യാപിക്കുന്നവർ അവരുടെ ഉപദേശങ്ങൾ സ്ഥാപിക്കുവാൻ വചനത്തിൽ നിന്ന് ഉപയോഗിക്കുന്ന ചില വേദഭാഗങ്ങളും അവയ്ക്കുള്ള യഥാർത്ഥമായ മറുപടികളുമാണ് ഇനിയുള്ള ഭാഗങ്ങളിൽ നാം കാണുവാൻ പോകുന്നത്.

1. ഉല്പത്തി 1:1-2 'ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി പാഴായും ശൂന്യമായും ഇരുന്നു: ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻമീതെ പരിവർത്തിച്ചു കൊണ്ടിരുന്നു''

പരിശുദ്ധാത്മാവിന്റെ വ്യക്തിത്വത്തെ ആക്രമിക്കുന്നതിനായി യഹോവ സാക്ഷിക്കാർ ഈ വാക്യം ഉപയോഗിക്കുന്നു. അവരുടേതായ ബൈബിളിൽ 'Gods, active, force' എന്നാണ് 'ദൈവത്തിന്റെ ആത്മാവ്'' എന്നസ്ഥാനത്ത് ഉപയോഗിച്ചിരിക്കുന്നത്. മിക്ക വേദപണ്ഡിതന്മാരും അവരുടെ ഈ തെററായ ഉപയോഗത്തെ എതിർക്കുന്നുണ്ട്. ദൈവത്തിന്റെ ആത്മാവിനെ ഒരു ശക്തിമാത്രമായി അവർ തങ്ങളുടെ അനുയായികളെ തെററിദ്ധരിപ്പിക്കുന്നു. ആ ന്യായം തെളിയിക്കുന്നതിനായി അവരുടെ New (world Translation ബൈബിളിൽ നിന്ന് വായിച്ച് കേൾപ്പിക്കുകയും ചെയ്യും. അവരുടെ ഉപദേശത്തിന് അനുസരിച്ച് ദൈവത്തിന്റെ തിരുവെഴുത്തുകളെ കോട്ടികളയുന്നു.

ദൈവത്തിൻെറ ആത്മാവ് ഒരു വ്യക്തിയാണെന്നും, വ്യക്തിത്വമുണ്ടെന്നുമുള്ള തെളിവുകൾ തിരുവചനത്തിലെ മററനേകം ഭാഗങ്ങളിൽ നിന്നും നമുക്ക് കാണിച്ചുകൊടുക്കുവാൻ കഴിയും. (**Bible repeatedly refers to the Holy spirit as having personal attri but-es**) അവരുടെ തർജ്ജിമയിൽ തന്നെ പ്രവൃത്തികൾ 13:2-ൽ ആത്മാവ് സംസാരിക്കുന്നു (**speaks**), യോഹന്നാൻ 15: 26-ൽ സാക്ഷ്യം പറയുന്നു (**bear witness**), കേൾക്കുന്നു (**hears**)എന്ന് യോഹന്നാൻ16:13 ലും പരിശുദ്ധാത്മാവിനെ ദുംഖിപ്പിക്കുന്നു (**feels hurt**)എന്ന് യെശയ്യാവ് 63:10 ലും കാണുന്നു. വെറും ഒരു ശക്തിയ്ക്ക് സംസാരിക്കുന്നതിനും, കാണുന്നതിനും, കേൾക്കുന്നതിനും മററും കഴിയുകയില്ലല്ലോ.... ഒരു വ്യക്തിക്ക് മാത്രമേ അപ്രകാരം പ്രവർത്തിക്കുവാൻ സാദ്ധ്യമാകൂ... ആയതിനാൽ **J W** കാർ പറയുന്ന ഉപദേശം തെററാണെന്നും പരിശുദ്ധാത്മാവ് ഒരു ശക്തിയല്ല ഒരു വ്യക്തിതന്നെയാണെന്നും നമുക്ക് തിരുവചനത്തിലൂടെ മനസ്സിലാക്കുവാൻ കഴിയുന്നു.

പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള കൂടുതൽ പഠനങ്ങൾ നാം യോഹന്നാൻ 16:13 പ്രവൃത്തികൾ 5:3-4, റോമർ 8:26-27, 1 കൊരിന്ത്യർ 6:19 എന്നി ഭാഗങ്ങൾ ഇപ്രകാരം പഠിക്കുമ്പോൾ മനസ്സിലാക്കാം...

**ഉല്പത്തി 9:4**

"പ്രാണനായിരിക്കുന്ന രക്തത്തോടുകൂടിമാത്രം നിങ്ങൾ മാംസം തിന്നരുത്" **only you Shall not eat flesh with its life, that is its blood (RSV)**

**blood transfusion** (രക്തം കുത്തിവയ്ക്കുക, കയററുക) ന് വിരോധമായി യഹോവസാക്ഷികൾ ഉന്നയിക്കുന്ന അനേകം വേദഭാഗങ്ങളിൽ ഒന്നാണിത്. രക്തം ഭക്ഷിക്കുന്നതിന് തുല്യമാണ് രക്തം ശരീരത്തിൽ കയററുന്നത് എന്നാണ് അവർ സ്ഥാപിക്കുന്നത്. അവരുടെ അനുയായികൾക്ക് ഒരിക്കലും ഒരു കാരണവശാലും രക്തം ശരീ

രത്തിൽ കുത്തിവയ്ക്കുന്നതിനോ, കയററുന്നതിനോ അനുവാദമില്ല. അപ്രകാരം ആരെങ്കിലും ചെയ്താൽ കമ്മിററിയുടെ മുമ്പാകെ വിസ്തരിച്ച് 'ദൈവനിയമം' തെററിച്ചു എന്ന് പറഞ്ഞ് പുറത്താക്കി കളയും. അങ്ങനെയുള്ള വ്യക്തികളുമായി പിന്നീട് മററാർക്കും യാതൊരു കൂട്ടായ്മയും ഉണ്ടാകാൻ പാടില്ല.

വളരെശക്തമായി ഈ വിഷയം അവർ കരുതുകയാണ്. അപകടം സംഭവിച്ചാൽ രക്തം ആവശ്യമായി വന്നാൽ-മരിക്കേണ്ടിവന്നാൽപോലും രക്തം കയററുവാൻ അവർ സമ്മതിക്കുകയില്ല. കുട്ടികളുടെ കാര്യത്തിലും ആ വാശി നിലനില്ക്കുന്നു. മിക്ക യഹോവസാക്ഷിക്കാരും അവരുടെ പോക്കററിൽ ഒരു **card**-ൽ തങ്ങടെ രക്തം കയററാൻ അനുവദിക്കുന്നില്ല എന്ന് എഴുതി സൂക്ഷിച്ചിരിക്കുന്നു രണ്ട് സാക്ഷികളുടെ ഒപ്പോടുകൂടി അവർ നിയമപരമായ ഒരു രേഖയായി ഗൗരവത്തോടെ അതു കൊണ്ടുനടക്കുന്നു. അവരുടെ ഈ സിദ്ധാന്തം ബൈബിളിൽ നിന്നും ലഭിച്ചിട്ടുള്ളതല്ല എങ്കിലും തങ്ങടെ മററുള്ളവരിൽ നിന്നും ഈ കാര്യത്തിലൂടെ വ്യത്യസ്തരാണെന്ന ഭാവമാണ് ഉള്ളത്. 1944 വരെ യഹോവസാക്ഷിക്കാർ ഈ തീരുമാനം എടുത്തിരുന്നില്ല. അതിനു ശേഷമാണ് **Blood transfusion**-തടഞ്ഞുകൊണ്ട് തീരുമാനമെടുത്തത്.

വീക്ഷാഗോപുര ചരിത്രം പരിശോധിച്ചാൽ പല തവണയും അവരുടെ നേതാക്കന്മാർ വൈദ്യ ശാസ്ത്രത്തിന്റെ പല നേട്ടങ്ങളും അംഗീകരിക്കുന്നതിനും സ്വീകരിക്കുന്നതിനും മടിച്ചവരായിരുന്നു. പക്ഷേ പിന്നീട് അവരുടെ ചില തീരുമാനങ്ങടെ മാററുകയും ചെയ്തു. 1967-ൽ ഉദാഹരണമായി... **they prohibited organ transplants** -(അവയവങ്ങടെ മാററിവയ്ക്കുക). അവരുടെ അനുയായികടെ അന്ധരായി തീരേണ്ടിവന്നാലും അന്ധത മാററുന്നതിനായി വൈദ്യ ശാസ്ത്രം കണ്ടുപിടിച്ച **Cornea transplant** ചെയ്തു അന്ധത മാററുന്നതിന് തയ്യാറുണ്ടായിരുന്നില്ല. അതു

പോലെ തന്നെ **Kidney transplant** ചെയ്യുന്നതിനും. പക്ഷേ 1980-ൽ നേതാക്കന്മാർ ഈ തീരുമാനം പുനപരിശോധിക്കുകയും **transplant** അനുവദിക്കുകയും ചെയ്തു. **(See The watch tower, 11/15/67, pp. 702-704; Awake! 6/8/68 Page 21 and The watch tower 3/15/80. P. 31)** 1931നും 1952-നും ഇടയ്ക്കുള്ള കാലങ്ങളിൽ യഹോവസാക്ഷിക്കാർ അവരും അവരുടെകുട്ടികളും വാക്സിനേഷൻ **(Vaccination)** സ്വീകരിക്കുന്നതിന് വിസമ്മതിക്കുകയും എതിർക്കുകയും ചെയ്തു. അവരുടെ സംഘടന അവരെ പറഞ്ഞ് ധരിപ്പിച്ചത്. ദൈവ കല്പനയെ ധിക്കരിക്കുന്ന ഒരു പ്രവൃത്തിയാണ് അതെന്നാണ്. **("Vaccination is a direct Violation of the everlasting Covenant that God made"... The Golden Age, 2/4/31, Page 293)**. 1952-ൽ ഈ തീരുമാനം അവർ പുനഃപരിശോധിച്ച് പിൻവലിച്ചു. 1980-ൽ **transplant** അനുവദിച്ചതുപോലെ. ഈ സംഘടന ഇങ്ങനെ തങ്ങളുടെ തീരുമാനങ്ങൾ അനുയായികളെ നിർബ്ബന്ധമായി അടിച്ചേല്പിക്കുവാൻ തിരുവെഴുത്തുകൾ ഉപയോഗിക്കുമെങ്കിലും. സത്യത്തിൽ അനുയായികൾ തിരുവെഴുത്തിനെയല്ല, സംഘടനയെ ആണ് അനുസരിക്കുന്നതെന്ന് കാണുവാൻ കഴിയുന്നു. അല്ലെങ്കിൽ ഒരിക്കൽ തിരുവെഴുത്തിലൂടെ നിയമലംഘനം എന്ന് പറഞ്ഞവ അനുവദിക്കുമായിരുന്നുവോ ?

ഉല്പത്തി 9:4 കാണിച്ചുകൊണ്ട് **Blood transfusion**- അവർ വാദിക്കുമെങ്കിലും സത്യത്തിൽ ഈ വേദ ഭാഗത്തിൽ മനുഷ്യരക്തത്തെക്കുറിച്ചല്ല പ്രതിപാദിക്കുന്നത്. കൂടാതെ രക്തം മാററുന്നതിനെക്കുറിച്ചുമല്ല. ആ ഭാഗത്തിന് മുൻപുള്ള ഭാഗം പരിശോധിച്ചാൽ മൃഗരക്തത്തെക്കുറിച്ചാണ് ദൈവം സംസാരിക്കുന്നതെന്ന് കാണാം. കൂടാതെ

(ശേഷം അടുത്ത ലക്കത്തിൽ)

***

# നീയല്ലാതാരുള്ളൂ

**കെ. ആർ. ബോസ്**

കാററും കോളും താണ്ഡവനൃത്തമാടിടും-
കടലിനെ ശാന്തമാക്കിയ ദേവൻ,
അഞ്ചപ്പവും രണ്ട് മീനും അയ്യായിരമായ് വീതിച്ചതും,
അന്ധതയുടെ കണ്ണുനീർ ഒപ്പിയതും നീയല്ലേ !
അണയാറായ മെഴുകുതിരിനാളമാം .... ജീവിതത്തെ
നിൻവചസ്സുകളാൽ കത്തിജ്വലിക്കുന്ന-
തീനാളമാക്കിയതും നീയല്ലേ ?
നിത്യമാം പ്രകാശനാളമെ-
കത്തിനിൽക്കട്ടെ എൻആത്മാവിൽ-
നീയല്ലാതാരുള്ളു ഈ മരുഭൂവിൽ .... !

***

# ക്രിസ്തു ഒരു വിപ്ലവാചാര്യനോ ?

**കളത്തുകാൽ. രാജദാസ്**

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

യെഹൂദന്മാരിൽ നിന്ന് ഈടാക്കിയിരുന്ന മതക്കരം റോമാ ചക്രവർത്തിയുടെ സ്വകാര്യനിധിയിലേയ്ക്കുള്ളതായിരുന്നു. അടിമത്തത്തിൻെറ പ്രതീകമായ ഈ ഈടാക്കൽ ചക്രവർത്തിയുടെ രൂപം പതിച്ചിരുന്ന നാണയം മുഖേനയായിരുന്നു. കരം കൊടുക്കുന്നതിനെ യേശു അനുകർതലിച്ചാൽ

റോമിനെ പിന്താങ്ങുന്നവനെന്ന പേരിൽ ജനസമൂഹത്തിനിടയിൽ അദ്ദേഹത്തിന്റെ സ്വാധീനം കുറയ്ക്കാൻ സാധിക്കും.

പ്രതികൂലിച്ചാൽ ഹെരോദ്യകക്ഷിക്കു രാഷ്ട്രീയ മുതലെടുപ്പിനുള്ള വകയായി. മേലെഴുത്തു റോമൻനാണയങ്ങളുടെ ഒരുവശത്തു ലത്തീൻ ഭാഷയിൽ തിബര്യാസ് കൈസർ ദിവ്യനായ ഔഗുസ്തോസിന്റെ പുത്രൻ ഔഗുസ്തൊസ് എന്നതിന്റെ ചുരുക്കെഴുത്ത് ചക്രവർത്തിയുടെ രൂപത്തിന് ചുററും മുദ്രണം ചെയ്യപ്പെട്ടിരുന്നു. വിദേശമേല്ക്കോയ്മയെ നിഷ്കാസനം ചെയ്യുന്നവരെ ദൈവത്തെ സേവിക്കുവാൻ നിങ്ങൾ കാത്തിരിക്കേണ്ട റോമിന്റെ സംരക്ഷണം ലഭിക്കുന്ന നിങ്ങൾ ആ ഭരണകൂടത്തിന് നികുതി കൊടുക്കുന്നതിൽ ആക്ഷേപമില്ല. എന്നാൽ ദൈവത്തോടുള്ള സ്വാമി ഭക്തി ഭൗതിക ഭരണകൂടത്തിനോടുള്ളതിനേക്കാൾ മുൻഗണന അർഹിക്കുന്നു.

കൈസർക്കു കരം കൊടുക്കുന്നത് വിഹിതമോ ? അല്ലയോ പറഞ്ഞുതരണം എന്ന് പരീശന്മാർ വാക്കിൽ യേശുക്രിസ്തുവിനെ കുടുക്കേണ്ടതിനാണ് ഇങ്ങനെ ചോദിച്ചത്. യേശുപറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു. "എന്നാൽ കൈസർക്കു ഉള്ളത് കൈസർക്കും ദൈവത്തിനു ഉള്ളത് ദൈവത്തിനും കൊടുപ്പിൻ- മത്തായി 22:21.

യേശു ക്രിസ്തുവിന്റെ ഈ ഉപദേശങ്ങളാലാണ് കമ്മ്യൂണിസ്ററ്കാരൻ എന്ന് പറയുന്നത്. എന്നാൽ കമ്മ്യൂണിസം ആത്മീയ ഗോളത്തിൽ നിന്ന് എത്രയോ കാതം അകലെയാണ്.

★

# പാതി—പാതി

ബി. ബെററി

എന്റെ ഒരു യുവതിയായ സ്നേഹിത വിവാഹത്തിനായി നോക്കിയിരിക്കയായിരുന്നു. അവരം കാര്യങ്ങരം വിശദീകരിച്ചുകൊണ്ടു എന്നോടു പറയുകയുണ്ടായി. ഞങ്ങരംക്കിടയിൽ വലിയ പ്രശ്നങ്ങളൊന്നും ഉണ്ടാകാനിടയില്ല. കാരണം ഞങ്ങരം പരസ്പരം കാര്യങ്ങരം മനസ്സിലാക്കാൻ കഴിവുള്ളവരാണ്. ഞങ്ങളിൽ ഒരാരം പാതി ചെയ്യുമ്പോരം മറെറാരാരം പാതി ചെയ്യും. അവരം അർത്ഥമാക്കിയതു, വിവാഹശേഷം അവരം അവളുടെ പങ്കുനിർവ്വഹിക്കും; ഭർത്താവ് തന്റെ പങ്കും. അപ്പോരം അവർ പരാജയപ്പെടാൻ ഇടയില്ലല്ലോ എന്നതാണ്.

ഞാൻ എന്റെ ഉള്ളിൽ ചിരിച്ചുകൊണ്ടു അവരം എത്രമാത്രം പഠിച്ചിട്ടുണ്ട് എന്നു ചിന്തിച്ചു. അതു മിക്കവാറും സമയങ്ങളിൽ ശരിയായിരിക്കും പക്ഷെ ഞാൻ അവളോടു ചോദിച്ചു, എന്നാൽ നിനക്കു സുഖമില്ലാതെയോ അല്ലെങ്കിൽ എന്തിനെയെങ്കിലും കുറിച്ച് നിരാശയായിട്ടോ, ഹൃദയത്തിനു മുറിവേല്ക്കപ്പെട്ടോ കഴിയുമ്പോരം എന്തു ചെയ്യും ? ആ സമയങ്ങളിൽ നിങ്ങളുടെ ഊർജ്ജം നിങ്ങരംക്കുള്ളിൽ തന്നെ ഉപയോഗിക്കുകയായിരിക്കുമല്ലൊ. അപ്പോരം ഭർത്താവിനു ഒരു പത്തു ശതമാനം പ്രവൃത്തികരം ചെയ്തു കൊടുക്കാൻ പററിയെന്നു വരാം. മുൻതീരുമാനമനുസരിച്ച് ഭർത്താവു തന്റെ അൻപതു ശതമാനം നിറവേററി കഴിയുമ്പോരം ബാക്കി വരുന്ന നാല്പതു ശതമാനം ആരു ചെയ്യും ?

അവരം അപ്പോഴാണ് അതിനെപ്പററി ചിന്തിക്കുന്നതു. ഞാൻ പിന്നീട് അവളോടു തുടർന്നു. വിവാഹം എന്നതു,

ഞാൻ പകുതിചെയ്യാം നീ പകുതി ചെയ്യാം എന്ന ആശയത്തിൽ ഒതുങ്ങുന്നതല്ല. വിവാഹബന്ധത്തിൽ അന്യോന്യം യോജിച്ച് ഓരോന്നും പ്രവർത്തിക്കേണ്ടതാണ്. ഒരാളിൽ കുറവുള്ളതു മറ്റെയാൾ നികത്തണം. ഉത്തരവാദിത്വം രണ്ടു പേർക്കുമുണ്ട്. ഒരാളുടെ അഭാവത്തിലോ കഴിവില്ലായ്മയിലോ ന്യൂനത വരാതിരിക്കുവാനാണ് ഓരോരുത്തരും ശ്രമിക്കേണ്ടതു. നാളെ നിന്നാൽ ചെയ്തുതീർക്കാൻ കഴിയാത്തവ ചെയ്യുവാൻ നിന്റെ ഭർത്താവിനെ നിനക്കു ആശ്രയിക്കേണ്ടി വരും എന്നു കൂടെ ഞാൻ അവളെ ഓർമ്മിപ്പിച്ചു.

ഒരു ആഘോഷത്താൽ യോജിപ്പിക്കപ്പെട്ട രണ്ടു പേരുടെ ഒന്നിച്ചുള്ള ജീവിതം യാദൃശ്ചികമായി ഒരു നല്ല വിവാഹ ജീവിതമായി മാറുന്നതല്ല. നല്ല ആവിഷ്ക്കരണ തീരുമാനത്തിന്റെയും ദിവസന്തോറുമുള്ള അദ്ധ്വാനത്തിന്റേയും ഫലമായി ഉണ്ടാകുന്നതാണ് ഒരു നല്ല വൈവാഹിക ജീവിതം. അല്ലാതെ അതു അവരുടെ ഭാഗ്യം കൊണ്ടാണ്, അവരുടെ നല്ല കാലം കൊണ്ട് എന്നൊന്നും വിചാരിക്കരുതു. അതു വെറും പഴഞ്ചൻ ന്യായങ്ങളാണ്.

രണ്ടായിരിക്കുന്ന ആളുകൾക്കു ഒന്നായിത്തീരുവാൻ അത്ര എളുപ്പത്തിൽപറ്റുകയില്ല. വിവാഹത്തിനു മുൻപ് അടുത്തു അറിയുവാനും സ്നേഹത്തിൽ മെനഞ്ഞെടുത്ത തിരഞ്ഞെടുപ്പാണെങ്കിൽ ബുദ്ധിമുട്ട് ലഘൂകരിക്കാൻ സാദ്ധ്യതയുണ്ട്. പക്ഷെ ആ അറിവുപോലും ഇരുപത്തിനാലു മണിക്കൂറും ഒരുമിച്ച് ജീവിക്കേണ്ടി വരുമ്പോൾ തികച്ചും വ്യത്യസ്ഥമായ വ്യക്തിത്വത്തെയാണ് കാണാൻ കഴിയുന്നതു. ഇരുവരും ചേർന്നു ജീവിതം ആരംഭിക്കുമ്പോൾ, വ്യക്തിത്വങ്ങൾ, സ്വഭാവങ്ങൾ, മതിപ്പുകൾ, ചിന്താവഴികൾ എന്നിവ വ്യത്യാസമുള്ളതായി അനുഭവപ്പെടാം. അതിനനുസരിച്ച് ഓരോന്നിലും അഴിച്ചുപണി ആവശ്യമായി വരും.

***

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്, ജെ

## V സർദ്ദീസിലെ സഭ (വെളി 3:1-6)

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

ലോകത്തിൽ യാതൊന്നിനോടും വേർപാടില്ലാത്ത ജീവിതമാണ് അവരുടേത്. ചതിവും, വഞ്ചനയും, തട്ടിപ്പും, വെട്ടിപ്പും, കൊലയും കൊള്ളയും മദ്യപാനവും, വ്യഭിചാരവും, ഏഷണിയും അപവാദം പരത്തലും, അതിരുമാററലും, കെണികൾ ഒരുക്കലും, എന്നുവേണ്ട സർവ്വവും ചെയ്തിട്ട്, ഞായറാഴ്ച പള്ളിയിൽ ചെന്നു വികാരിയുടെ അടുക്കൽ കുമ്പസാരിച്ചാൽ പാപമോചനം കിട്ടുമെന്നു വിശ്വസിക്കുന്ന നാമധേയ ക്രിസ്ത്യാനി ! നീ എത്ര വിഢിത്തത്തിലാണ് ജീവിക്കുന്നത്. നിന്നെ ആരാണ് ഈ ഭോഷത്വം പഠിപ്പിച്ചു മനസ്സിലാക്കി തന്നത്. അവരോട് യേശുക്രിസ്തു അരുളി ച്ചെയ്യുന്നു, "ആ കാലത്ത് ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും അയ്യോ കഷ്ടം ! "(മത്താ 24:19).

പഠിക്കുന്നവനും, പഠിപ്പിക്കുന്നവനും ഒരുപോലെ നാശം തന്നെ. ലോകത്തിൽ മാന്യത ഇല്ലാത്ത ഇടങ്ങളിലും, സ്ഥാനങ്ങളിലും സ്ഥാപനങ്ങളിലും നാമധേയ ക്രിസ്ത്യാനികൾ വൻ ഭൂരിപക്ഷം നേടിയിരിക്കുകയാണ്. ജയിലറകൾ, വ്യഭിചാരശാലകൾ, മദ്യഷാപ്പുകൾ നിരീശ്വരവാദി സംഘടനകൾ, സാമൂഹ്യവിരുദ്ധ പ്രസ്ഥാനങ്ങൾ എവിടെയായാലും ആധിപത്യം ഉറപ്പിച്ചിരിക്കയാണ്. ആരും വൈര്യം കൊള്ളരുത്, ഈ ലിസ്ററിൽ ഉൾക്കൊള്ളുന്നവരൊക്കെയും കർത്താവിൻെറ സഭകളിലെ അംഗങ്ങളല്ല; പിന്നെയോ ക്രിസ്തീയ സമുദായ സംഘടന സഭകളിലെ അരുമസന്താനങ്ങളാണ്. "ജീവനുള്ളവൻ എന്നു നിനക്കു പേർ ഉണ്ട് എങ്കിലും നീ മരിച്ചവനാണ്." ദൈവകോപത്തിൻെറ വലിയ ചക്കിൽ നീ അരഞ്ഞുകലങ്ങാൻ പോകയാണ്, "എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കൊലപാതകന്മാർ, ദുർന്നടപ്പുകാർ,

ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്ക്കു പറയുന്ന എവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രെ" (വെളി 21:8).

മദ്യനിരോധനം; എല്ലാ കാലത്തും ദൈവ മക്കൾ സ്വാഗതം ചെയ്യുന്ന ഏററവും ഉചിതമായ ഒരു സംഗതിയാണ്. ക്രിസ്തീയ സമുദായ സംഘടന സഭകളിലെ അധികം ആളുകളും മദ്യപാനത്തിനു അടിമകളാണ്. ആത്മിയ നേതൃത്വം കൊടുക്കുന്ന അജപാലകർ മദ്യനിരോധന പ്രസ്ഥാന നേതൃത്വത്തിൻെറ മുമ്പിൽ അണിനിരക്കുന്നുമുണ്ട്. എനിക്ക് അവരെ ഒന്ന് ഓർമ്മപ്പെടുത്താനുള്ളത്, നിങ്ങൾ ഇടയപാലനം ചെയ്യുന്ന ഇടവകകളിൽ മദ്യപാനികളായ ആളുകളെ അതിൽ നിന്നും പിൻതിരിപ്പിക്കാൻ കഴിയാത്ത നിങ്ങൾക്ക്; അവരെ എല്ലാം ഒന്നിച്ചു ചേർത്തു ജാഥയായി റോഡു നീളെ മുദ്രാവാക്യങ്ങൾ മുഴക്കി പോകുന്നതിൽ എന്തഭിമാനമാണ് നിങ്ങൾക്കുള്ളത് ? ജാഥയുടെ മുമ്പിൽ പൂമാല ഇട്ടു നടകൊണ്ടാൽ മദ്യനിരോധനസാഫല്യത്തിൽ എത്തിചേരുമോ ? 'കക്ഷത്തിൽ ഇരിക്കുന്നതു് കളയാനും പാടില്ല, ഉത്തരത്തിൽ ഇരിക്കുന്നത് എടുക്കയും വേണം !

കർത്താവിൻെറ സഭയാകുന്ന ദൈവരാജ്യത്തിനും, ദൈവ വചനത്തിനും എതിരായി പഠിപ്പിക്കയും പ്രവർത്തിക്കയും, യേശുക്രിസ്തുവിൻെറ നാമധേയത്തിൽ പ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കയും ചെയ്യുന്ന സകലരും "ഇവർ നിങ്ങളുടെ സ്നേഹസദ്യകളിൽ മറഞ്ഞുകിടക്കുന്ന പാറകൾ" ആകുന്നു (യൂദാ 12). അവർ പുറമേ ഭക്തി കാണിക്കുന്ന പാപികളാണ്. അവർക്കു ജീവൻ ഉണ്ടെങ്കിലും മരിച്ചവരാണ്.

വേറൊരു കൂട്ടർ രക്ഷിക്കപ്പെട്ട അവസ്ഥയിൽ ആയിത്തീർന്നിട്ടു വീണ്ടും താല്ക്കാലിക നേട്ടങ്ങൾക്കു വേണ്ടി തിരിഞ്ഞു പോകുന്നവരുണ്ട്. ഇങ്ങനെ ഉള്ളവരെ 'നായ്ക്കൾ' എന്നും 'പന്നികൾ' എന്നും ദൈവ വചനത്തിൽ കാണുന്നു.

"എന്നാൽ സ്വന്ത ഛർദ്ദിക്കു തിരിഞ്ഞ നായെന്നും കുളിച്ചിട്ടു ചെളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നിയെന്നും" (2 പത്രൊ. 2:22 )ഇവരെ പറയുന്നു.

മററു ചിലർ കാലങ്ങളെയോ, സമയങ്ങളെയോ സന്ദർഭങ്ങളെയോ വിവേചിച്ചറിയാതെ ദൈവ വചനത്തെ തെററായ രീതിയിൽ വ്യാഖ്യാനിച്ചു പഠിപ്പിക്കയും പഠിക്കയും ചെയ്തു വരുന്നു. അവർ ബൈബിളിൽ പറയുന്ന ആത്മീക വരങ്ങളെ കൊണ്ടു മുതലെടുക്കയും ചെയ്യുന്ന പ്രവണത ഇന്നു സർവ്വസാധാരണമായി തീർന്നിരിക്കുകയാണ്. അവയിൽ അവരുടെ പ്രധാന ഇനങ്ങളാണ് രോഗശാന്തി, അന്യഭാഷ, പ്രവചനങ്ങൾ, ദർശനങ്ങൾ, പരിശുദ്ധാത്മാഭിഷേകം മുതലായവ, നീതിപൂർവ്വവും, സത്യസന്ധമായും ദൈവവചനം പഠിക്കുന്ന ഏതൊരാൾക്കും ആത്മീക വരങ്ങളെ സംബന്ധിച്ചു മനസ്സിലാക്കാവുന്നതേ ഉള്ളൂ. ആത്മീകവരങ്ങളിൽ പലതും അനേകരും ഇന്നവകാശപ്പെടുന്ന വിധത്തിൽ സത്യമായിട്ട്, ഈ കാലയളവിൽ നടന്നു കൊണ്ടിരിക്കുന്നുണ്ടോ.? അപ്പോസ്തലന്മാരുടെ കാലഘട്ടത്തിൽ പ്രസ്തുത ആത്മീയവരങ്ങൾ ഓരോന്നും ഏതു ഉദ്ദേശത്തിന്നു വേണ്ടി നിറവേറപ്പെട്ടുകൊണ്ടിരുന്നു ? എങ്ങനെ ഉള്ളവരിൽ കൂടിയായിരുന്നു അവ ഓരോന്നും ലോകത്തിനു പ്രകടമാക്കപ്പെട്ടത് ? ദൈവമക്കൾ നിശ്ചയമായും ഈ കാലയളവിൽ പ്രാപിച്ചിരിക്കേണ്ട ആത്മീയ വരങ്ങൾ ഏതെല്ലാം ആണ്. ? ഈ ചോദ്യങ്ങൾക്കു എല്ലാം ദൈവ വചനത്തിൽ നിന്നും നമുക്കു ഉത്തരം കണ്ടെത്താൻ കഴിയുന്നതാണ്.

യഥാർത്ഥത്തിൽ അപ്പോസ്തലന്മാരുടെ കാലഘട്ടത്തിൽ മാത്രം ഒതുങ്ങി നിന്ന ആത്മീയവരങ്ങളാണ് മുന്നമേ പ്രസ്താവിച്ചവ ഓരോന്നും. അവരുടെ കാലഘട്ടത്തിനു ശേഷം മറെറാരുത്തരിലും പ്രസ്തുത ആത്മീയവരങ്ങൾ നിറവേറികൊണ്ടിരിക്കുന്നതായി പ്രത്യക്ഷത്തിൽ തെളിവുകൾ യാതൊന്നും കാണാൻ കഴിഞ്ഞിട്ടില്ല. അപ്പോസ്തലനായ പൗലൊസ് കൊരിന്ത്യർക്ക് എഴുതിയ ഒന്നാം

ലേഖനത്തിൽ അവയെല്ലാം മാറി പോകുമെന്നു വെളിപ്പെടുത്തിയിട്ടുണ്ട് "പ്രവചനവരമോ അതു നീങ്ങിപ്പോകും; ഭാഷാവരമോ അതു നിന്നുപോകും; ജ്ഞാനമോ അതു നീങ്ങിപ്പോകും. അംശമായി മാത്രം നാം അറിയുന്നു; അംശമായി മാത്രം പ്രവചിക്കുന്നു; പൂർണ്ണമായതു വരുമ്പോഴോ അംശമായതു നീങ്ങിപ്പോകും. ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു. ശിശുവിനെപ്പോലെ ചിന്തിച്ചു, ശിശുവിനെപ്പോലെ നിരൂപിച്ചു. പുരുഷനായ ശേഷമോ ഞാൻ ശിശുവിനുള്ളത്. ത്യജിച്ചുകളഞ്ഞു." (1കൊരി 13:9-11).

ഇന്നു നമുക്ക് സൗകര്യമായി ലഭിച്ചിരിക്കുന്ന ബൈബിൾ പുതിയനിയമത്തിലെ ക്രിസ്തുവിന്റെ ഉപദേശങ്ങളും, അപ്പോസ്തലന്മാരുടെ എഴുത്തുകളും ദൈവാത്മാവിനാൽ അവരുടെ കാലഘട്ടത്തിൽ എഴുതി കൊണ്ടിരുന്നതേ ഉള്ളു. പരിശുദ്ധാത്മാവിനാൽ അവർ ജനത്തോട് സംസാരിച്ചു കൊണ്ടിരിയ്ക്കയായിരുന്നു. അതിനാലാണ് "അംശമായി മാത്രം നാം അറിയുന്നു; അംശമായി മാത്രം പ്രവചിക്കുന്നു" എന്ന് പൗലൊസ് രേഖപ്പെടുത്തിയത്. എന്നാൽദൈവവചനം മുഴുവനും പൂർണ്ണമായ രൂപത്തിൽ എഴുതപ്പെട്ടു കഴിഞ്ഞപ്പോൾ അംശമായി അറിഞ്ഞു കൊണ്ടിരുന്ന രീതി പോകയും ചെയ്തു. "പൂർണ്ണമായതു വരുമ്പോഴോ അംശമായതു നീങ്ങിപ്പോകും" ദൈവത്തിന്റെ ആലോചന ഒന്നും വിട്ടുകളയാതെ പരിശുദ്ധാത്മാവിനാൽ അപ്പോസ്തലന്മാർ സംസാരിക്കയും, എഴുതപ്പെടുകയും ചെയ്തപ്പോൾ ദൈവവചനം, പൂർണ്ണമായി നമുക്കു ലഭിച്ചു. അതോടൊപ്പം അപ്പോസ്തലന്മാരുടെ കാലഘട്ടവും അവസാനിച്ചു.

(ശേഷം അടുത്ത ലക്കത്തിൽ)

***

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9 : 00 to 9 : 15 P.M.
Fridays — 7 : 45 to 8 : 00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.
All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12 : 45 to 1 : 00 P.M.
Tuesdays — 9 : 00 to 9 : 15 P.M.
Thursdays — 9 : 00 to 9 : 15 P.M.
Fridays — 9 : 00 to 9 : 15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam
All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2 : 30 to 2 : 45 P.M.
Tuesdays — 2 : 30 to 2 : 45 P.M.
Thursdays— 2 : 30 to 2 : 45 P.M.
Fridays — 2 : 30 to 2 : 45 P.M.
Saturdays — 2 : 30 to 2 : 45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.
All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5 : 30 to 5 : 45 P.M.
Thursdays — 6 : 45 to 7 : 00 P.M.
Sundays — 6 : 45 to 7 : 00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese
All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays—3 : 15 to 3 : 30 P.M.

**KANNADA**—The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays 1 : 45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
to Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College,palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram - 695034

To